

**അന്ധമായ ആനഭ്രാന്തും കൊണ്ട് ഇരച്ചു കയറുകയും ആനയൊന്നനങ്ങിയാൽ മറ്റെല്ലാവരെയും തട്ടിമറിച്ചിട്ട് മരണപ്പാച്ചിൽ പായുകയും ചെയ്യുന്ന ജനക്കൂട്ടമാണ് ഇന്നത്തെ ഏറ്റവും വലിയ ആപത്ത്**

■ കെ.വി. രാമനാഥൻ

# ദൈവത്തിന്റെ സ്വന്തം നാടോ?

ഇരിങ്ങാലക്കുട ഉത്സവം ലോകത്തിലെ ഏറ്റവും മനോഹരവും ഗംഭീരവുമായ ഉത്സവമാണെന്ന് ഞങ്ങൾ ഇരിങ്ങാലക്കുടക്കാർ വിശ്വസിക്കുന്നു, അഹങ്കരിക്കുന്നു.

വെറുതെയല്ല.

പതിനൊന്നു ദിവസത്തെ ഉത്സവം. പതിനേഴ് ഗജവീരന്മാർ. അതിൽ രണ്ടെണ്ണം മറ്റെങ്ങുമില്ലാത്തവിധം രണ്ടു ചെറിയ കുട്ടിയാനകളാണ്. തിടമ്പേറ്റിയ ആനയുടെ ഇരുവശവും. അവർക്കു കുടയില്ല. ആലവട്ടവെൺചാമരങ്ങളില്ല. ഏഴ് പകലും ഏഴ് രാത്രിയും ഇരമ്പുന്ന പഞ്ചാരിമേളത്തോട് കൂടിയ വിളക്കും ശീവേലിയും. എട്ടുരാത്രികളിൽ ഗംഭീരമായ കഥകളിയരങ്ങ്. വൈവിധ്യമാർന്ന കലാപരിപാടികൾ. ആനന്ദലബ്ധിക്കിനിയെന്തുവേണം!

മറ്റൊരു രഹസ്യം കൂടി. ഏഴ് നെറ്റിപ്പട്ടങ്ങളും കോലവും തിടമ്പും എല്ലാം കട്ടി സ്വർണം തന്നെ. ചെമ്പിന്മേൽ സ്വർണം പൂശിയതല്ല. തിടമ്പേറ്റുന്ന ആനയുടെ കുടയുടെ അലുക്കുകളും മകുടവും വെൺചാമരത്തിന്റെ പിടിയും എല്ലാം സ്വർണ്ണം. പത്താനകളുടെ നെറ്റിപ്പട്ടം വെള്ളിയിൽ തീർത്തതാണ്. കേരളത്തിൽ മറ്റെവിടെയുമില്ലാത്ത അപൂർവതകൾ.

ഇവിടുത്തെ പഞ്ചാരിമേളത്തിനുമുണ്ട് പ്രത്യേകത. പതിനേഴാനയ്ക്ക് നിരന്നു നിൽക്കാനുള്ള വലുപ്പമുള്ള ഗാംഭീര്യമേറിയ നടപ്പുരയിൽ മേളം തുടങ്ങുമ്പോൾ അൻപതു ചെണ്ടയുടെ ശബ്ദത്തിന് നൂറു ചെണ്ടയുടെ മുഴക്കം കിട്ടുന്നു. ചുറ്റുമുള്ള മതിലകവും മതിൽക്കെട്ടും കുലീപിനീ തീർത്ഥവും ഈ ശബ്ദപ്രപഞ്ചത്തെ പതിന്മടങ്ങ് കലമ്പൽ കൂടാതെ വർദ്ധിപ്പിക്കുന്നു. പറയുന്നത് മറ്റാരുമല്ല പദ്മശ്രീ പെരുവനം കുട്ടൻ മാരാർ.

അതൊക്കെ പോകട്ടെ, ഉത്സവത്തിന്റെ മഹിമ വർണിക്കാനല്ല പേനയെടുത്തത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ ഉത്സവപ്പെരുമയിൽ കണ്ണീരും ചോരയും കലരാൻ തുടങ്ങിയിട്ട്. അടുത്തടുത്ത് ആവർത്തിക്കുന്ന ദുരന്തങ്ങൾ, ഞങ്ങൾ പഴമക്കാരുടെ മാത്രമല്ല, എല്ലാ ഉത്സവപ്രേമികളുടെയും കണ്ണുനനയ്ക്കുന്നു. ഉള്ളുലയ്ക്കുന്നു.

## ചോരവീണ ക്ഷേത്രമുറ്റം

ഈ വർഷവും അതാവർത്തിച്ചു. വലിയ വിളക്കിനു മഴ പെയ്തതും പള്ളിവേട്ട ശീവേലിയുടെ സമാപനവേളയിൽ ആന ഓടിയെന്നു തെറ്റിദ്ധരിപ്പിക്കപ്പെട്ട് ആളുകൾ ഓടി വീണ് ഒരുപാടുപേർക്ക് പരിക്കുപറ്റിയതുമൊഴിച്ചാൽ മറ്റനിഷ്ട സംഭവങ്ങളൊന്നുമുണ്ടായില്ല. പക്ഷേ, ആറാട്ടിനു പുറപ്പെടുന്ന നേരത്ത് ഗോപുരത്തിന്റെ തിരുമുറ്റം ചോരക്കളമായി. ഒരു ഒന്നരവയസ്സുകാരന്റെ കുരുന്നുജീവൻ ചതഞ്ഞരഞ്ഞു. ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളും. ഒരുപാടുപേർ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാണിതെഴുതുമ്പോഴും.

അടുത്തകാലത്തായി ആറു മരണങ്ങൾക്കാണ് കൂടൽമാണിക്യം ക്ഷേത്രം സാക്ഷിയായത്. ശാരീരികക്ഷതങ്ങളേറ്റവരുടെ എണ്ണം നൂറുകണക്കിന് വരും. എന്റെ കുട്ടിക്കാലത്തും ചെറുപ്പകാലത്തും ഇരിങ്ങാലക്കുട ഉത്സവം ശാന്തിയുടെയും സമാധാനത്തിന്റേയും പര്യായമായിരുന്നു. 1994-ലാണെന്നു തോന്നുന്നു ആദ്യ സംഭവം. തെക്കുപുറത്തെ വിശാലമായ മതിൽക്കകത്ത് രാത്രി വിളക്കു നടക്കുന്നു. പതയും നെറ്റിപ്പട്ടപ്പൊന്നരുവികളോലും പതിനേഴാനക്കരിമ്പാറകളുടെ മുകളിൽ പട്ടുകുടകളും അവയുടെ പൊൻ-വെള്ളി അലുക്കുകളും പൂർണ്ണചന്ദ്രന്റെയും തീവെട്ടികളുടെയും പ്രഭയിൽ വെട്ടിത്തിളങ്ങുന്ന അലോക സുന്ദരമായ കാഴ്ചയിൽ മുഴുകി ഞങ്ങളങ്ങനെ നിൽക്കുകയായിരുന്നു. പെട്ടെന്ന് തെക്കേ അറ്റത്ത് ഒരിളക്കം. അടുത്തനിമിഷം പതിനേഴാനകളും ഇളകി പിൻതിരിഞ്ഞോടി.

ഒരാന അടുത്ത ആനയെ ഒന്നു കുത്തിയതാണ്. ഓടിയ ആനകൾ ഒരു ശല്യവും ചെയ്യാതെ കിഴക്കേ ഗോപുരവും ആനപ്പടിയും കടന്ന് പുറത്തേക്കുപോയി. പിന്നെ പാപ്പാന്മാർ അവയെ നിയന്ത്രിച്ച് ദേവസ്വം ഓഫീസ് വളപ്പിലേയ്ക്ക് കൊണ്ടുപോയി. കുറുമ്പുകാട്ടിയ ആന മാത്രം മെരുങ്ങാതെ അമ്പലപ്പറമ്പിൽ ചുറ്റിയടിച്ചു. പലർക്കും ഓടിവീണ് നിസ്സാര പരിക്കുകൾ പറ്റിയതുമാത്രം. വഴങ്ങാത്ത ആനയെ പുലർച്ചയോടെ മയക്കുമരുന്നു വെടിവെച്ചു തളച്ചു.

രണ്ടുവർഷം കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പിനിടയിൽ ഒരാനയോട്ടമുണ്ടായി. പന്തലുകൾ കുത്തിമറിച്ചിട്ടും ചെറിയൊരു ദീപസ്തംഭവും വഴിപാടു കൗണ്ടറുകളും തട്ടിയിട്ടും രാത്രി മുഴുവൻ അവൻ വിളയാടി. അന്നും ആളപായം കാര്യമായുണ്ടായില്ല.

അടുത്തൊരുവർഷം ശീവേലി സമയത്ത് ഇടഞ്ഞ ഒരാന പുറത്തിരിക്കുന്ന ആളേയും കൊണ്ട് തെക്കേ ഗോപുരത്തിന്റെ ചെറിയ വാതിലിൽ കൂടി തിക്കിത്തിരക്കി പുറത്തു ചാടാൻ ശ്രമിച്ചു. പുറത്ത് ഇരുന്നിരുന്ന ആൾക്ക് വാതിലിനിടയിൽപ്പെട്ട് സാരമായ പരിക്കുപറ്റി. രണ്ടുദിവസത്തിനുള്ളിൽ മരിച്ചു. ഇരിങ്ങാലക്കുട ഉത്സവചരിത്രത്തിൽ ഒരുപക്ഷേ, ആദ്യത്തെ മരണം.

2006-ൽ ആറാട്ടിന് പുറത്തേയ്ക്ക് എഴുന്നള്ളുമ്പോൾ മൂന്നാനകളും എന്തോ കാരണത്താൽ പേടിച്ച് ചാടിയോടി പരിഭ്രാന്തി സൃഷ്ടിച്ചു. അന്നു കുറച്ചുപേർക്കൊക്കെ പരിക്കുകൾ പറ്റി. 2007-ൽ ഒരാന പഴയ നെല്ലുകുത്തുപുര ഇടിച്ചു തകർത്തു. അടുത്ത വർഷം അതേ ആനയെ പേരുമാറ്റി കൊണ്ടുവന്നു. അവനാണ് അമ്പലത്തിന് അകത്തും പുറത്തുമായി മൂന്നു പേരെ ചവുട്ടിയരച്ചും കുത്തിയും കൊലപ്പെടുത്തി ചരിത്രം സൃഷ്ടിച്ചത്.

ഇക്കൊല്ലവും ഉത്സവത്തിന് രണ്ടു മാസങ്ങൾക്ക് മുൻപ് അമ്പലത്തിനോടുചേർന്ന മതിലിടവഴിയിൽ വെച്ച് ദേവസ്വം ആനയായ മേഘാർജ്ജുനൻ ഒന്നാം പാപ്പാനെ അകാരണമായി മതിലിനോടു ചേർത്തു കുത്തിക്കൊന്നു. ആനയിപ്പോഴും മെരുങ്ങാതെ, ആർക്കും വഴങ്ങാതെ വിജനമായൊരു പറമ്പിൽ തളയ്ക്കപ്പെട്ടു നില്പാണ്.

കൊടിപ്പുറത്തു വിളക്ക് എന്നറിയപ്പെടുന്ന ആദ്യത്തെ വിളക്കിന് ദേവൻ ആദ്യമായി പുറത്തേക്കെഴുന്നള്ളുന്നത് സ്വന്തം ആനപ്പുറത്ത് വേണമെന്ന നിയമം ഇക്കൊല്ലം മുടങ്ങി. എങ്കിലും ഉത്സവം ഭംഗിയായി നടന്നു. ബന്ധപ്പെട്ട എല്ലാവരും സജീവമായി പ്രവർത്തിച്ചിരുന്നു. ആറാട്ടായി. ഉത്സവം കഴിഞ്ഞപോലെയായി. എല്ലാവരും ആശ്വാസം കൊണ്ടു. ആ ആശ്വാസത്തിന്റെ കൂടെ അല്പം അലംഭാവം കടന്നുവന്നുവോ? ആറാട്ടിന് പുറപ്പെടുന്ന മുഹൂർത്തത്തിൽ കിഴക്കേ ഗോപുര പരിസരം ചോരക്കളമായി.

ചാലക്കുടിയിലായിരുന്നു ഈ വർഷം ആറാട്ട്. ഒന്നിടവിട്ട വർഷങ്ങളിൽ ചാലക്കുടി പുഴയിലും കുറുമാലി പുഴയിലുമാണ് ആറാട്ടു നടക്കുക.



8 ജൂൺ 2012 • മലയാളം

ഈ രണ്ടു പുഴകളും നൂറ്റാണ്ടുകൾക്ക് മുൻപ് കൂടൽമാണിക്യം ക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തുവെച്ച് കൂടിച്ചേർന്നാണ് കടലിലേയ്ക്ക് ഒഴുകിയിരുന്നതെന്നും ആ കൂടലിലെ ദേവൻ ആണ് കൂടൽമാണിക്യം എന്നറിയപ്പെട്ടതെന്നും ഐതിഹ്യം. (കൂടൽ പുഴകളുടെ സംഗമസ്ഥാനം).

ആറാട്ടിനു പുറപ്പെടുന്നത് വികാരനിർഭരമായ അന്തരീക്ഷത്തിലാണ്. പതിനൊന്നു ദിവസത്തെ ഉത്സവം കഴിയുന്നു. ദൂരെ ചാലക്കുടിയിൽനിന്നു പാതിരാവോടെ തിരിച്ചെത്തും വരെ അമ്പലം നിശ്ശബ്ദതയിലമരും.

മൂന്നാനകളോടുകൂടിയ എഴുന്നള്ളത്ത് പുറത്തു കടക്കുമ്പോൾ പൊലീസിന്റെ ഗൺ സല്യൂട്ടുണ്ട്. അതുകാണാനും ദേവനെ യാത്രയാക്കാനുമായി ആളുകളേറെ തിങ്ങിക്കൂടും. ഈ ഗൺ സല്യൂട്ടിനൊരു ചരിത്രമുണ്ട്. രാജഭരണ കാലത്ത് തൃപ്പൂണിത്തുറയിൽ നിന്നുള്ള നായർ ബ്രിഗേഡാണ് ഈ ചടങ്ങു നിർവഹിക്കുക പതിവ്. തിരു–കൊച്ചി സംസ്ഥാനം നിലവിൽ വന്നപ്പോൾ ആംഡ് റിസർവ് പൊലീസാണ് ഗൺസല്യൂട്ടിനെത്താറ്. ഇപ്പോഴൊക്കെ ലോക്കൽ പൊലീസിന്റെ ചുമതലയാണെന്നു തോന്നുന്നു.

ആറാട്ടിനുള്ള യാത്രയ്ക്കും ഒരു ചരിത്രമുണ്ട്. മുൻപൊക്കെ റോഡിലൂടെയായിരുന്നില്ല ഈ യാത്ര. സ്വന്തം മണ്ണിലൂടെ മാത്രമേ സംഗമേശ്വരൻ സഞ്ചരിക്കാറുള്ളൂ. ആളുകൾ വേലികൾ പൊളിച്ചുവെച്ചിരിക്കും. നെൽവയലുകൾ താണ്ടിയും പറമ്പുകൾ കയറിയിറങ്ങിയും. വാളും പരിചയുമേന്തിയ അകമ്പടിക്കാരും തോക്കേന്തിയ പൊലീസും പന്ത്രണ്ടു കുത്തുവിളക്കുകാരും മേളക്കാരും നൂറുക്കണക്കിന് നാട്ടുകാരുമൊക്കെകൂടിയുള്ള പ്രൗഢഗംഭീരമായ ആ യാത്രയിൽ, ആനകൾക്ക് ചക്കയും തേങ്ങയും വെള്ളരിക്കയുമൊക്കെ കാഴ്ചവെച്ച് ആളുകൾ വഴിനീളെ കാത്തുനില്പുണ്ടാവും. ഭൂനയബില്ലിന്റെ വരവിനുശേഷം കഥമാറി. വഴികൾ പലതുമടഞ്ഞു. സ്വന്തം ഭൂമി എന്നു പറയാൻ പറ്റാതായി. മതിലുകളുയർന്നു. അപ്പോൾ പിന്നെ യാത്ര റോഡിലൂടെ മാത്രമായി.

എഴുന്നള്ളത്തു പുറത്തിറങ്ങിയ ശേഷമാണല്ലോ ഇത്തവണ ദുരന്തം സംഭവിച്ചത്. കിഴക്കെ ഗോപുരത്തിനോടു ചേർന്നുള്ള ആൽത്തറയിൽ ഒരു ചെറിയ ബലിതൂവൽ, ചെറുതായൊരു പാണ്ടിമേളം 'ഭക്തജനങ്ങളുടെ ആർപ്പുവിളി' ഗൺസല്യൂട്ട് പിന്നെ യാത്ര.

ഗോപുരത്തിന് പുറത്ത് ചെറിയൊരു പന്തലിടും. അവിടെനിന്നു കിഴക്കോട്ടു രണ്ടു വരിയായി താൽക്കാലികമായി കാലുകൾ നാട്ടും. അരങ്ങിടാനും ട്യൂബ്ലൈറ്റിനും. ഇതെല്ലാം കൂടിയാവുമ്പോൾ അവിടെയാകെ തിക്കുമുട്ടാണ്. ആ രണ്ടു വരിക്കാലുകൾ കുറെക്കൂടി അകറ്റിയിട്ടാൽ മൂന്നാനകൾക്ക് നിരന്നു നിൽക്കാൻ പറ്റും. പൊലീസിന് കുറച്ചു കൂടി അകന്നു നിൽക്കാൻ പറ്റും.

## പാപ്പാനും ആനയും തമ്മിലുള്ള ആത്മബന്ധം

തൊട്ടുമുന്നിലും പിന്നിലും ജനസഞ്ചയം. പെട്ടെന്ന് ഗൺസല്യൂട്ടിന്റെ ശബ്ദവും ബഹളവും (ആചാരവെടിയില്ല) കേട്ട് ആന വിരണ്ട് ഓടുകയാണുണ്ടായത്. പണ്ടൊക്കെ ആറാട്ടിനു കൊണ്ടുപോകുന്ന ആനകളെ വളരെ നിഷ്ഠയോടെ തെരഞ്ഞെടുക്കാറുണ്ട്. പത്തിരുപത് കിലോമീറ്റർ നടക്കണം. അതിനുള്ള തടിമിടുക്കും ചൊറുചൊറുക്കും വേണം. ശാന്തശീലരാവണം. അവിടെനിന്നു തിരിച്ചും നടക്കണം. നഗരത്തിലെത്തിയാലേ ആനകളെ മാറുകയുള്ളൂ. ഇത്തവണത്തെ മൂന്നാനകളും കുഴപ്പക്കാരായിരുന്നുവെന്ന് പറയപ്പെടുന്നു. ആർക്കാണ് തെറ്റുപറ്റിയത്?

മുക്കാൽ നൂറ്റാണ്ടിലധികം കാലം ഉത്സവം കണ്ട ഓർമ്മകളുണ്ട്, തെളിവോടെ. ഞങ്ങളുടെ കുട്ടിക്കാലത്തോ, ചെറുപ്പകാലത്തോ ആന ഒരു ദുരന്ത കഥാപാത്രമായിരുന്നില്ല. വില്ലനായിരുന്നില്ല. നാട്ടാരുടെ അരുമകളായിരുന്നു ആനകൾ. ആനയോട്ടം, മരണം, മാലപൊട്ടിക്കൽ, മോഷണം, അടിപിടി ഒന്നും ഇരിങ്ങാലക്കുട ഉത്സവത്തിന്റെ തിരക്കഥയിലുണ്ടായിരുന്നില്ല. നിശ്ശബ്ദവും ശാന്തവുമായ അന്തരീക്ഷത്തിലായിരുന്നു എല്ലാം നടന്നിരുന്നത്.

അക്രമികളെന്നു പേരുകേട്ട ഗജവീരന്മാർ ഇവിടെ അണിനിരക്കാറുണ്ട്. പക്ഷേ, അന്തരീക്ഷത്തിലെത്തിയാൽ, എന്തോ, അവരുടെ വിക്രമങ്ങളൊന്നും പുറത്തെടുക്കാറില്ല.

എന്റെ ഓർമ്മകൾക്കുമപ്പുറം ഒരുപാടുപേരെ വകവരുത്തിയിട്ടുള്ള ഇതിഹാസകഥാപാത്രമായ കവളപ്പാറ മാണിക്യൻ, ഉഗ്രനായ കൂടപ്പുഴ മാണിക്യൻ. എന്റെ ഓർമ്മയിലുള്ള കിരാങ്ങാട്ടു കേശവൻ, അകവൂർ ഗോവിന്ദൻ തുടങ്ങിയ ഗജപോക്കിരികൾ, ശാന്തഗംഭീരന്മാരായിരുന്നു മന്നാടിയാരുടെ ആന, കൂടലാറ്റുപുറം അങ്ങനെ എത്ര ഗജവീരന്മാർ ഈ തിരുമുറ്റത്തു വന്നുപോയി! അന്നൊന്നും ഉത്സവാന്തരീക്ഷത്തിൽ ഒരപശ്ബ്ദവുമുയർന്നില്ല. ഒരു കരിനിഴൽ പോലും വീണില്ല. പിന്നെന്താണ് ഇന്നിങ്ങനെ? ഇവിടെ മാത്രമല്ല കേരളത്തിൽ ആനയെഴുന്നള്ളിപ്പുള്ളിടത്തെല്ലാം ആന ഒരു വലിയ പ്രശ്നമായതെന്തുകൊണ്ട്? ഇനിയും പിടികിട്ടാത്തൊരു കാര്യമുണ്ട്.

പണ്ടൊക്കെ ഉത്സവക്കാലമായാൽ ആനകളുടെ ചിന്നം വിളി ഇടക്കിടെ ഉയർന്നുകേൾക്കാറുണ്ട്. ചിലപ്പോൾ അടികൊണ്ടിട്ടാവും. പക്ഷേ, ഈയിടെയായി എന്തുകൊണ്ടോ ആ ശബ്ദം കേൾക്കാറില്ല. ആനകൾ ഉറക്കെ ചിന്നംവിളിക്കാതിരിക്കുന്നതെന്തുകൊണ്ട്? അവ അമർഷം ഉള്ളിലൊതുക്കുകയാണോ? ആ അമർഷം ഇടക്കിടെ പൊട്ടിത്തെറിക്കുകയാണോ? ആന വിദഗ്ദ്ധന്മാർ എന്തുപറയുന്നു എന്നറിയാൻ താല്പര്യമുണ്ട്. കേരളത്തിലെ ഉത്സവ–പൂര രംഗങ്ങളിൽ നിന്ന് ആനകളെ ഒഴിവാക്കുകയെന്നുവെച്ചാൽ കാര്യം വളരെ കഷ്ടമാവും. പിന്നെ എന്തു പൂരം, എന്തുത്സവം? ആനയെഴുന്നള്ളിപ്പിന്റെ ചാരുതയും ഗാംഭീര്യവും നഷ്ടപ്പെട്ട കേരളത്തിന്റെ മുഖം എങ്ങനെയിരിക്കും?

അപ്പോൾ പിന്നെ എന്താണൊരു പോംവഴി? ഞാനൊരു ആന വിദഗ്ധനേയല്ല. സാമാന്യ ബുദ്ധിയിൽ തോന്നുന്ന ചില കാര്യങ്ങളാണിവിടെ കുറിക്കുന്നത്. ഒന്ന്, വർദ്ധിച്ചുവരുന്ന ചൂട്. ടാറിട്ട വഴികളും കോൺക്രീറ്റ് വനങ്ങളും എല്ലാം ചൂടിരട്ടിയാക്കുന്നു. ഇത് ആനകൾക്ക് താങ്ങാൻ പറ്റാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. ശരീരം തണുപ്പിക്കാനാവശ്യമായ വെള്ളമില്ല. തണലിടങ്ങളില്ല.

പണ്ടൊക്കെ കൂടൽമാണിക്യം ക്ഷേത്രത്തിൽ ശീവേലി കഴിഞ്ഞാൽ ആനകളെ കുലീപിനി തീർത്ഥത്തി

ലിറക്കി വിടും. തീർത്ഥത്തിന്റെ കിഴക്കേ അറ്റത്ത് ചെരിച്ചുകെട്ടിയിട്ടുള്ള ആനക്കടവ് ഇന്നും കാണാം. ആനകൾ വെള്ളത്തിലിറങ്ങി മതിവരുവോളം കളിച്ചും കുളിച്ചും വെള്ളം കുടിച്ചും കൂത്താടുന്നതൊരു കാഴ്ചയായിരുന്നു. അക്കാലത്ത് ആനകൾ ഒരു പ്രശ്നവുമുണ്ടാക്കാറില്ലായിരുന്നു.

പണ്ട് തിരുവഞ്ചിക്കുളത്തെ ദുരന്തം വിതച്ച ശിവരാത്രിക്ക് കവളപ്പാറ കൊമ്പനെ ബുക്ക് ചെയ്യാൻ ആളുകൾ വന്നപ്പോൾ അവൻ തീർത്ഥത്തിൽ ഇറങ്ങി നടക്കുകയായിരുന്നുവെന്നും ഞാൻ വിളിച്ചാൽ അവൻ കേറി വന്നുവെങ്കിൽ ബുക്കുചെയ്യാം. പക്ഷേ, അതിനൊരു കുല പഴം വാങ്ങാൻ രണ്ട് റുപ്പിക വേണം എന്ന് പാപ്പാൻ പറഞ്ഞതായും കവളപ്പാറ കൊമ്പന്റെ ഇതിഹാസകഥ പറയുന്ന സി.സി. ഫ്രാൻസിസ് മാസ്റ്റർ രചിച്ച പാട്ടുപുസ്തകത്തിൽ പറയുന്നുണ്ട്.

## കടിഞ്ഞാണില്ലാത്ത ആനഭ്രാന്ത്

പിന്നെയെന്നോ പരിഷ്ക്കാരം കടന്നുവന്നപ്പോൾ ആനക്കടവ് അടച്ചുപൂട്ടി. ആനകൾക്കു മോട്ടോറിൽ നിന്നടിച്ചു കൊടുക്കുന്ന വെള്ളം മതിയെന്നുവെച്ചു. തീർത്ഥത്തിൽ ആന കുളിക്കുന്നത് അൺ ഹൈജീനിക് ആണെങ്കിൽ അമ്പലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത്, പുറത്ത് ഒരു കുളം കാടുപിടിച്ച് വെറുതെ കിടക്കുന്നതൊന്ന് വൃത്തിയാക്കിയാൽ ആനകൾക്ക് ജലകേളിക്ക് സൗകര്യപ്പെടുത്താമല്ലോ. ഈ വഴിക്കാരും ചിന്തിച്ചില്ല.

രണ്ട്, ആനകൾ മുൻപൊക്കെ ഉടമസ്ഥരുടെയും പാപ്പാന്മാരുടെയും ഓമനകളായിരുന്നു. എടാ മോനെ എന്നൊക്കെ ആനകളെ സംബോധന ചെയ്തു കേൾക്കാറുണ്ട്. ഇന്നിപ്പോൾ ആനകളുടെ ചെവിയിലെത്തുന്നത് തെറിവിളികളാകാം. കോവിലകങ്ങളിലും ഇല്ലങ്ങളിലും പ്രഭുകുടുംബങ്ങളിലുമൊക്കെ വളർത്തു മൃഗങ്ങളായിരുന്നു ആനകൾ. സ്വന്തം മക്കളെപ്പോലെ അവരൊക്കെ ആനകളെ സ്നേഹിച്ചിരുന്നു. പാപ്പാന്മാരും ആനകളും തമ്മിൽ ആത്മബന്ധം പുലർത്തിയിരുന്നു.

ഇന്നോ? ആനകൾ കച്ചവടച്ചരക്കുകളായി മാറി. ഉത്സവം-പൂരം സീസണിൽ പരമാവധി കാശുണ്ടാക്കാനുള്ള വിപണനോപാധിയായി. അതിന് ഇടനിലക്കാരായി, കരാറുകാരായി.



ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രോത്സവം

നാട്ടിലെങ്ങും പുതിയ ക്ഷേത്രങ്ങൾ, അവിടെയൊക്കെ ഏഴും ഒൻപതും പതിനഞ്ചും ആനകൾ വേണമെന്ന് നിർബന്ധം. ആനകളുടെ ഫാനുകളും ഫ്ലക്സ്ബോർഡ് ചിത്രങ്ങളും നാടുനീളെ നിരന്നു. ഉത്സവസീസണിൽ ലോറികളിലെ സഞ്ചാരവും അദ്ധ്വാനഭാരവും ആനകൾക്ക് താങ്ങാവുന്നതിലധികമായി.

ഇതിനൊരു നിയന്ത്രണം വന്നേ തീരൂ. ക്ഷേത്രങ്ങളുടെ പഴക്കവും പാരമ്പര്യവും നോക്കി ആനകളുടെ എണ്ണം നിയന്ത്രിക്കുന്ന ഒരു നിയമം വരേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ഇനി രണ്ടു വഴികളേ കേരളത്തിന്റെ മുൻപിലുള്ളൂ. ഒന്നുകിൽ അമ്പലങ്ങളും പൂരപ്പറമ്പുകളും കൂടുതൽ കൂടുതൽ ദുരന്തഭൂമികളാവുന്നതു കണ്ടുനിൽക്കാം.

അല്ലെങ്കിൽ ഇനിമേൽ ആനയെഴുന്നള്ളിപ്പുവേണ്ട കെട്ടുകുതിരകളോ, ആളുന്തി നടക്കുന്ന തേരുകളോ മതി ഉത്സവങ്ങൾക്കെന്ന് ഏതെങ്കിലും കോടതി വിധിക്കുന്നതു കാത്തിരിക്കാം.

നമുക്ക് അല്പം വിവേകത്തോടെ ഒരു മധ്യമാർഗം സ്വീകരിച്ചുകൂടെ? കടിഞ്ഞാണില്ലാത്ത ആനഭ്രാന്തിനും ആഘോഷഭ്രാന്തിനും വിരാമമിടുക. ഇന്നിപ്പോൾ ആനകളേക്കാൾ അപകടകാരികളാവുന്നത് ഭ്രാന്തുപിടിച്ച ജനക്കൂട്ടമാണ്.

ഇരിങ്ങാലക്കുടയിൽ ഇത്തവണ ആനയുടെ ചവിട്ടും കുത്തുമേറ്റിട്ടല്ല അറുപതോളം പേർക്ക് ഗുരുതരമായ ശാരീരിക ക്ഷതമേറ്റത്. അന്ധമായ ആനഭ്രാന്തും കൊണ്ട് ഇരച്ചുകയറുകയും ആനയൊന്നനങ്ങിയാൽ മറ്റെല്ലാവരെയും തട്ടിമറിച്ചിട്ട് മരണപ്പാച്ചിൽ പായുകയും ചെയ്യുന്ന ജനക്കൂട്ടമാണ് ഇന്നത്തെ ഏറ്റവും വലിയ ആപത്ത്. ആന ഓടി എന്നു കേട്ടാൽ കല്ലെറിഞ്ഞു കൂക്കിവിളിച്ചും പിന്നാലെയോടി ആനയുടെ വെകിളി ഇരട്ടിയാക്കുന്നതിവിടെ പതിവായിരിക്കുന്നു. ഈ പ്രവണതകളെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ പ്രശ്നം പകുതിതീരും.

ഇല്ലെങ്കിൽ പിന്നെ നമുക്കൊരു കാര്യം ചെയ്യാം ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരുമാറ്റി മറ്റുവല്ല പേരും കൊടുത്ത് മിണ്ടാതിരിക്കാം. ■